# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2251 06.02.2019-ൽ മറുപടിക്ക്

## പ്രളയത്തിൽ നാശനഷ്ടമുണ്ടായ സ്മാരകങ്ങൾ

**ചോദ്യം**
ശ്രീ.പി.കെ.അബ്ദു റബ്ബ്

**ഉത്തരം**
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പ്രളയത്തെത്തുടർന്ന് പുരാവസ്തു വകുപ്പിന് കീഴിലുള്ള സംരക്ഷിത സ്മാരകങ്ങൾക്കുണ്ടായ നാശനഷ്ടങ്ങളുടെ വിശദാംശം ശേഖരിച്ചിട്ടുണ്ടോ; | (എ) & (ബി) | പ്രളയത്തെത്തുടർന്ന് പുരാവസ്തുവകുപ്പിന് കീഴിലുള്ള സംരക്ഷിത സ്മാരകങ്ങൾക്ക് ഉണ്ടായ നാശ നഷ്ടങ്ങളുടെ വിശദാംശങ്ങൾ പുരാവസ്തു വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |
| (ബി) | ഇതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; | | |
| (സി) | സ്മാരകങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ? | (സി) | പ്രളയത്തെത്തുടർന്ന് നാശനഷ്ടങ്ങൾ സംഭവിച്ച ആലപ്പുഴ ജില്ലയിലെ കരുമാടിക്കുട്ടൻ സ്മാരകം, ആറന്മുളയിലെ വാഴുവേലിൽ തറവാട് എന്നിവിടങ്ങളിൽ പുരാവസ്തുവകുപ്പ് സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിവരുന്നു. കൂടാതെ ചേന്നമംഗലത്ത് സിനഗോഗ്, പാലിയം കൊട്ടാരം എന്നീ സ്മാരകങ്ങൾ മുസിരിസ് ഹെറിറ്റേജ് പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടി ടൂറിസം വകുപ്പുമായി ചേർന്ന് സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ